വെളിയം വില്ലേജിലെ പട്ടികജാതിക്കാർക്ക് പട്ടയം നൽകുന്ന നടപടി

63 (3151)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയം വില്ലേജിലെ മറവൻകോട് മിച്ച ഭൂമി കോളനിയിൽ വർഷങ്ങളായി താമസിക്കുന്നവരായ പട്ടികജാതിക്കാർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദ മാക്കുമോ;

(ബി) പട്ടയമില്ലാത്തതുമൂലം ജനകീയാസൂത്രണപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ പോലും നിഷേധിച്ചിരിക്കുന്ന ഇവർക്ക് കാലതാമസം കൂടാതെ പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)അർഹരായവർക്ക് കൈവശാവകാശം സാധൂകരിച്ച് പട്ടയം/കൈവശ രേഖ നൽകുന്നതിനാവശ്യമായ നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു. ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിലേയ്ക്കയക്കുന്നതിന് ലാന്റ് ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

"മഞ്ചേരി ഉരുൾപൊട്ടൽ ഭീഷണിയെത്തുടർന്ന് കുടുംബാംഗങ്ങളെ മാറ്റിപ്പാർപ്പിക്കൽ"

64(3152)ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ ഉരുൾപൊട്ടൽ ഭീഷണിയെത്തുടർന്ന് 6 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാതി ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതിയിൻമേൽ അന്വേഷണം നടത്തിയതിൽ 6 പേരുടെ വീടുകൾക്ക് ഇനിയും ഉരുൾപൊട്ടൽ ഉണ്ടാകൽ ഭീഷണിയുണ്ട് എന്ന് കാണുന്നു. ഈ ആറ് കുടുംബക്കാരിൽ ഒരാളായ ശ്രീ. വേങ്ങക്കൽ ജോസഫ് എന്ന ആളിന്റെ വീട് പൂർണ്ണമായും തകർന്നതിന് വീട് പുനർനിർമ്മാണത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000/- രൂപ അനുവദിക്കുകയും അതിൽ ആദ്യഗഡുവായ 5,000/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. അപായ ഭീഷണിയിൽ കഴിയുന്നവരെ വെറ്റിലപ്പാറ വില്ലേജിൽ തന്നെ പുനരധിവസിപ്പിക്കാൻ അവർക്ക് അനുയോജ്യമായ സ്ഥലം ആ വില്ലേജിൽ ലഭ്യമല്ല. ആയതിനാൽ കക്ഷികൾക്ക് സമ്മതമാണെങ്കിൽ അടുത്തുള്ള വില്ലേജുകളിൽ ഇവർക്ക് അനുയോജ്യമായ പകരം ഭൂമി നൽകുവാൻ ലഭ്യമാണോ എന്ന് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly